(ബി) ഉണ്ട്. അതാത് ആശുപത്രികളിലെ മേലധികാരികൾ ഇതിനുള്ള സത്വര നടപടികൾ കൈക്കൊണ്ടു വരുന്നുണ്ട്.

(സി) ഇല്ല.

(ഡി) & (ഇ) ചോദ്യം ഉദിക്കുന്നില്ല.

ഗൾഫ് രാജ്യങ്ങളിലെ കാരാഗൃഹങ്ങളിൽ ഉള്ള മലയാളി സ്ത്രീകൾ

*16 [259] *ശ്രീ. വി. ഡി. സതീശൻ:*

„ *പ്രയാർ ഗോപാലകൃഷ്ണൻ:*

„ *എം. എം. ഹസ്സൻ:*

„ *ബി. രാജീവകുമാർ:*

„ *എം. കെ. പോൾസൺ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങളിലെ കാരാഗൃഹങ്ങളിൽ എത്ര മലയാളി സ്ത്രീകൾ ഉണ്ടെന്ന് അറിയിക്കുമോ;

(ബി) ഇവിടെ നിന്ന് ഭാരിച്ച ശമ്പളവും മറ്റാനുകൂല്യങ്ങളും വാഗ്ദാനം നൽകി ട്രാവൽ ഏജൻസികൾ ഗൾഫ് രാജ്യങ്ങളിലേക്കയയ്ക്കുന്ന സ്ത്രീകളിൽ പലരും അവിഹിത ജീവിതം നയിക്കുന്നതിന് നിർബന്ധിക്കപ്പെടുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 30 വയസ്സിൽ കുറഞ്ഞ പ്രായമുള്ള സ്ത്രീകളെ ഗൾഫ് രാജ്യങ്ങളിൽ വീട്ടുവേലയ്ക്ക് അയയ്ക്കരുതെന്ന കേന്ദ്ര നിർദ്ദേശം ലംഘിച്ച് കള്ളവായ യാത്രാരേഖകളുണ്ടാക്കി ട്രാവൽ ഏജൻസികൾ അവരെ ഗൾഫിലേക്കയയ്ക്കുന്നത് തടയുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):*

(എ) കൃത്യമായ വിവരം ലഭ്യമല്ല.

(ബി) ഉണ്ട്.

(സി) ഗൾഫ് രാജ്യങ്ങളിലേക്ക് വ്യാജ റിക്രൂട്ട്മെന്റ് നടത്തുന്ന ഏജൻസികൾക്കെതിരെ കർശന നടപടികൾ കൈക്കൊള്ളുന്നതിനായി സംസ്ഥാന സർക്കാർ 'State Level Monitoring Committee on Illegal Recruitment to Foreign Countries', 'State Level Monitoring Committee for Illegal Recruitment Core Group and Publicity Committee' എന്നീ കമ്മിറ്റികൾ രൂപീകരിക്കുകയുണ്ടായി. കൂടാതെ നിലവിലുള്ള എമിഗ്രേഷൻ നിയമത്തിലെ അപാകതകൾ നീക്കുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly

വ്യാജ റിക്രൂട്ട്മെന്റുകൾ തടയുന്നതിനും ആവശ്യമായ നിയമനിർമ്മാണം നടത്തുന്നതിന് ജസ്റ്റിസ്, സുകുമാരൻ ചെയർമാനായി ഒരു കമ്മിറ്റി സംസ്ഥാന സർക്കാർ രൂപീകരിക്കുകയും ടി കമ്മിറ്റിയുടെ ശുപാർശകൾ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഭേദഗതികൾ അംഗീകരിച്ച് നടപ്പിലാക്കിയെങ്കിൽ മാത്രമേ ഈ വിഷയത്തിൽ സംസ്ഥാന സർക്കാരിന് ഫലപ്രദമായി ഇടപെടാൻ കഴിയുകയുള്ളൂ.

ആയുർവേദ ഔഷധങ്ങളുടെ പേറ്റന്റ്

*17 [260] *ശ്രീ. കടവൂർ ശിവദാസൻ:*

,, *കെ. എ. ചന്ദ്രൻ:*

,, *വി. ജെ. പൗലോസ്:*

,, *വർക്കല കഹാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദത്തിലെ മരുന്നുകൾ, അരിഷ്ടങ്ങൾ, ആസവങ്ങൾ, എണ്ണകൾ, തൈലങ്ങൾ എന്നിവയുടെ പേറ്റന്റ് വിദേശികൾ നേടുന്നതിനെതിരെ എന്തെല്ലാം നടപടികൾ എടുക്കണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്;

(ബി) മുകളിൽ പറഞ്ഞ വിഭാഗങ്ങളിൽ ഏതിന്റെയെങ്കിലും പേറ്റന്റ് നേടിയെടുക്കുവാൻ ആയുർവേദ വകുപ്പ് നടപടിയെടുത്തിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ ഫലമായി എന്തിന്റെയെല്ലാം പേറ്റന്റ് സംസ്ഥാന ആയുർവേദ വകുപ്പ് കരസ്ഥമാക്കി?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):*

(എ) ആയുർവേദത്തിലെ നിലവിലുള്ള മരുന്നുകൾ, അരിഷ്ടങ്ങൾ, ആസവങ്ങൾ, എണ്ണകൾ, തൈലങ്ങൾ എന്നിവയിൽ വിദേശികൾ പേറ്റന്റ് എടുക്കുന്നത് തടയുവാൻ കേന്ദ്രഗവൺമെന്റ് തലത്തിലും സംസ്ഥാന ഗവൺമെന്റ് തലത്തിലും നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്ര ഗവൺമെന്റ് ഡ്രഗ്സ് ആന്റ് കോസ്മറ്റിക്ക് ആക്ടിൽ അംഗീകരിച്ചിട്ടുള്ള 56 ആയുർവേദ അടിസ്ഥാന ഗ്രന്ഥങ്ങളേയും അവയിൽ പറഞ്ഞിട്ടുള്ള ഔഷധക്കൂട്ടുകളെയും സംരക്ഷിക്കുന്നതിനുവേണ്ടി ട്രഡീഷണൽ നോളഡ്ജ് ഡിജിറ്റൽ ലൈബ്രറി ന്യൂഡൽഹിയിൽ ഇവയെ ഡിജിറ്റൈസ് ചെയ്ത് അന്താരാഷ്ട്ര തലത്തിൽ പേറ്റന്റ് നേടുന്നത് തടയാൻ വേണ്ട നടപടികൾ എടുത്തുവരുന്നു. കേരള സംബന്ധിയായ മേൽപ്പറഞ്ഞ ഔഷധങ്ങളെ സംരക്ഷിക്കുന്നതിന് സമാനമായ പ്രവർത്തനം ഒരു പേറ്റന്റ് സെൽ രൂപീകരിച്ചു ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലും നടത്തിവരുന്നുണ്ട്.

(ബി) & (സി) നിലവിലുള്ള ഔഷധങ്ങൾക്ക് പേറ്റന്റ് ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly